## ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി

3 (*502) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിലേതുപോലെ ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇത് നടപ്പിലാക്കുവാനുള്ള സാങ്കേതിക തടസ്സങ്ങളും കാലതാമസവും എന്താണെന്ന് വിശദമാക്കാമോ ;

(സി) 2002-2003 വർഷത്തെ ഹയർ സെക്കന്ററി പരീക്ഷ നടത്തിപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിനെയാണോ ഏൽപ്പിച്ചിരുന്നത് ;

(ഡി) പ്രസ്തുത പരീക്ഷാ നടത്തിപ്പിൽ 2001-2002-ൽ ഉണ്ടായതുപോലെ അപാകതകളും പരാതികളും ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ഇ) ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ആക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(എഫ്) സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക ലാഭവും ഹയർ സെക്കന്ററി അദ്ധ്യാപക-അനദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവനവും ലഭിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശവും പരിഗണനയിലില്ലാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) പൂർണ്ണമായും ഏൽപ്പിച്ചിരുന്നില്ല.

(ഡി) അപാകതകളും പരാതികളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇതുസംബന്ധിച്ച് കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്നതു സംബന്ധിച്ച് ഒരു നിർദ്ദേശവും ഗവൺമെന്റ് പരിഗണിച്ചിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞത്. മറ്റ് സംസ്ഥാനങ്ങളിലുള്ള മാനദണ്ഡങ്ങളും രീതിയും പരിഗണിച്ചുകൊണ്ടും ഇതിന്റെ ഒരു പൊതുവായ നടത്തിപ്പും സാമ്പത്തിക ലാഭവും കണക്കിലെടുത്തുകൊണ്ടും ഇത്തരമൊരു നിർദ്ദേശത്തെക്കുറിച്ച് ആലോചിക്കുവാൻ ഗവൺമെന്റിന് കഴിയുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതിനുശേഷം ദേശീയ വിദ്യാഭ്യാസത്തിന്റെ ഭാഗമെന്നുള്ള നിലയ്ക്ക് ഹയർ സെക്കന്ററി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കൊണ്ടുവരണമെന്നുള്ള നിർദ്ദേശം നേരത്തെ ആലോചനയിലുണ്ടായിരുന്നു. ഇപ്പോൾ പരിഗണിച്ചിട്ടില്ലായെന്ന് സൂചിപ്പിക്കപ്പെട്ടിട്ടുള്ളതേയുള്ളു. ഡോ. ഗോപാൽ ചെയർമാനായിട്ടുള്ള കെ. ഇ. ആർ. അമെന്റുമെന്റ് പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശയിലും ഇക്കാര്യം പരിശോധിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഹയർ സെക്കന്ററിയുമായി ബന്ധപ്പെട്ട് സിലബസ് പരിഷ്ക്കരണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. സി.ബി.എസ്.ഇ.-യ്ക്ക് തുല്യമായ ഗുണനിലവാരം വരത്തക്കവണ്ണമുള്ള ഒരു പരിഷ്ക്കരണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ; അത്തരത്തിൽ ഏകീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, സി.ബി.എസ്.ഇ. സിലബസ്സിന് തുല്യമായി ഹയർ സെക്കന്ററി സിലബസ് മാറ്റിക്കൊണ്ടിരിക്കുകയാണ്. സി.ബി.എസ്.ഇ. സ്റ്റാന്റേർഡിലേയ്ക്ക് ഹയർ സെക്കന്ററി എത്തിയിട്ടില്ല എന്നുള്ളതാണ്. അത് പരിഷ്ക്കരിക്കാൻ വേണ്ടിയുള്ള നടപടികളാണ് ആരംഭിച്ചിട്ടുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടേണിംഗ് പോയിന്റാണ് ; ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ നവീകരണവും നടത്തിപ്പും അനിവാര്യമാണ്. അതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിന്റെ കീഴിൽ ഹയർ സെക്കന്ററി കൊണ്ടുവരുന്നത് ഇപ്പോൾ ആലോചിക്കുന്നില്ലെന്ന് മന്ത്രി മറുപടി പറയുകയും ചെയ്തു. ഭാവിയിൽ ഇതുപോലുള്ള നവീകരണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഹയർ സെക്കന്ററി വിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുന്നതനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ഹയർ സെക്കന്ററിക്ക് തിരുവനന്തപുരത്ത് ഡയറക്ടറേറ്റ് ഉണ്ട്. ജില്ലാ അടിസ്ഥാനത്തിലോ മേഖലാടിസ്ഥാനത്തിലോ മറ്റ് ഓഫീസ് സംവിധാനങ്ങൾ ഇല്ല. അതുകൊണ്ട് പ്രായോഗികമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് പ്രയാസങ്ങൾ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മറ്റ് മാനേജുമെന്റുമായി ബന്ധപ്പെട്ട ആളുകൾക്കുമുള്ളതായി ചൂണ്ടി കാണിക്കപ്പെട്ടിട്ടുണ്ട്. ഇതിന് റീജിയണൽ ഓഫീസ് ഉണ്ടാക്കണമെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മാത്രമാക്കിയാലേ വ്യവസ്ഥാപിതമായി നടത്താൻ പറ്റുകയുള്ളൂ എന്നുള്ള ഒരു ചിന്താഗതി ഇല്ല. ഏതായാലും നിലവിലുള്ള സിസ്റ്റം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികളാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, പ്ലസ്-ടു കോഴ്സുകൾ എയിഡഡ് മേഖലയിൽ അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ ? അതുപോലെ സർക്കാർ സ്കൂളുകളിൽ എയിഡഡ് കോഴ്സ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, എയിഡഡ് മേഖലയിൽ പ്ലസ്-ടു കോഴ്സുകൾ ആരംഭിക്കുന്ന കാര്യം തൽക്കാലം മാറ്റിവച്ചിരിക്കുകയാണ്. ഹയർ സെക്കന്ററി പഠനമില്ലാത്ത ജില്ലകൾ തെരഞ്ഞെടുത്ത് അവിടെ ഗവൺമെന്റ് സ്കൂളുകളിൽ ഹയർ സെക്കന്ററി കൊടുക്കുവാനുള്ള തീരുമാനം ഏറെക്കുറെ എടുത്തുവരുകയാണ്.

ശ്രീ. പി. ജെ. ജോയി : സർ, ഹയർ സെക്കന്ററി മേഖല പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിലാക്കുന്നത് ലാഭകരമാണെന്നുള്ള കാര്യം മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇതിന് ഇങ്ങനെയൊരു കാലതാമസം വരുത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, കാലതാമസം ബോധപൂർവം നടത്തുന്നതല്ല. അതിന് അതിന്റേതായ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞ ഡോ. ഗോപാൽ കമ്മീഷൻ റിപ്പോർട്ട് പഠിക്കുമ്പോൾ ഈ കാര്യംകൂടി പരിശോധിക്കാം.

ശ്രീ. പിരപ്പൻകോട് മുരളി : സർ, ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. നാലകത്ത് സൂപ്പി : സർ, പി.എസ്.സി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വേക്കൻസി മുഴുവൻ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്, പി.എസ്.സി യുടെ അഡ്വൈസ് അനുസരിച്ച് നിയമനം നടത്തുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഹയർ സെക്കന്ററി വിദ്യാഭ്യാസത്തെ പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നില്ലായെന്ന് മന്ത്രി പറയുകയുണ്ടായി. ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് ഹയർ സെക്കന്ററി ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ക്രിയാത്മകമാക്കാനും ജില്ലാടിസ്ഥാനത്തിൽ ഈ വിദ്യാഭ്യാസത്തെ നവീകരിക്കുന്നതിനും, ഇപ്പോൾ നിലനിൽക്കുന്ന സിസ്റ്റത്തെ സജീവമായി മുന്നോട്ടു കൊണ്ടുപോകാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : സർ, ഹയർ സെക്കന്ററിയും വൊക്കേഷണൽ ഹയർ സെക്കന്ററിയുമായി ബന്ധപ്പെട്ട് 7 റീജിയണൽ ഓഫീസുകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുമുണ്ട്. ബാക്കി വരാവുന്ന ജില്ലകളിൽ ഹയർ സെക്കന്ററി ഓഫീസുകളുണ്ടാക്കി റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടുത്തണമെന്നാണ് ഇപ്പോൾ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശം.

**അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് നടപടി**

4 (*503) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക സംഘടനകളുടെ പ്രവർത്തനം നിരോധിക്കുന്നതിന് സ്വകാര്യ കോളേജ് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ജീവനക്കാരുടേയും സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുന്നതിന് സ്വകാര്യ മാനേജ്മെന്റുകൾ എടുക്കുന്ന നടപടികൾ വിദ്യാഭ്യാസരംഗത്തെ കലുഷിതമാക്കാതിരിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെട്ട് നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) കോളേജ് ക്യാമ്പസിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഒരു വിധി അടുത്ത കാലത്ത് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധിക്കെതിരെ വിദ്യാർത്ഥി സംഘടനകൾ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും അത് കോടതിയുടെ പരിഗണനയിലിരിക്കുകയുമാണ്.

ശ്രീ. ടി. കെ. ബാലൻ : സർ, മാന്നാനം കെ.ഇ. കോളേജിൽ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം മാത്രമല്ല അവിടത്തെ ടീച്ചിംഗ് സ്റ്റാഫ് അവിടെ ധർണ്ണ നടത്താൻ വേണ്ടി ഒരു പന്തൽ ഉയർത്തിയപ്പോൾ അവിടെ ലോഹയിട്ട മാനേജുമെന്റിന്റെ അച്ചൻമാർ വന്ന് ആ പന്തൽ പൊളിക്കുകയും വളരെ സംഘർഷാവസ്ഥ ഉണ്ടാക്കുകയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?



LIBRARY ARCHIVES Kerala Legislative Assembly